**പ്രത്യേക പരാമർശം**

റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കുന്നതിലുണ്ടായ കാലതാമസം സംബന്ധിച്ച്

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ശ്രീ. വി. പി. സജീന്ദ്രൻ ക്രമപ്രശ്നമായി ഉന്നയിച്ചൊരു കാര്യമാണ് എനിക്ക് പറയാനുള്ളത്. വിഴിഞ്ഞം തുറമുഖ പദ്ധതിയെപ്പറ്റി അന്വേഷിക്കാൻ നിയോഗിച്ച റിട്ടയേർഡ് ജസ്റ്റിസ് സി. എൻ. രാമചന്ദ്രൻ നായർ കമ്മീഷൻ റിപ്പോർട്ട് 31-12-2018-നാണ് സർക്കാരിന് സമർപ്പിച്ചത്. കമ്മിഷൻ ഓഫ് എൻക്വയറി ആക്ടിലെ സെക്ഷൻ 3(4) പ്രകാരം പ്രസ്തുത റിപ്പോർട്ട് ജൂൺ 30-ന് മുൻപ് ആക്ഷൻ ടേക്കൺ റിപ്പോർട്ട് ഉൾപ്പെടെ സർക്കാർ സഭയിൽ സമർപ്പിക്കേണ്ടതാണ്. ശ്രീ. വി. പി. സജീന്ദ്രൻ ഇത് ക്രമപ്രശ്നമായി ഉന്നയിച്ചപ്പോൾ സമയബന്ധിതമായി തന്നെ പ്രസ്തുത റിപ്പോർട്ട് സഭയിൽ വയ്ക്കുമെന്നാണ് ബഹുമാനപ്പെട്ട തുറമുഖ വകുപ്പുമന്ത്രി പറഞ്ഞത്. 30 ജൂൺ 2019 ആയിരുന്നു റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള ലാസ്റ്റ് ഡേറ്റ്. ഇന്ന് 02 ജൂലായ് 2019 ആണ്. ഇതുവരെ പ്രസ്തുത റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വച്ചിട്ടില്ല. ബഹുമാനപ്പെട്ട തുറമുഖ വകുപ്പുമന്ത്രി അന്ന് നൽകിയ ഉറപ്പ് ലംഘിച്ചിരിക്കുകയാണ്. അടിയന്തരമായി ഈ റിപ്പോർട്ട് സഭയുടെ

മേശപ്പുറത്ത് വയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച കാര്യത്തിൽ ആവശ്യമായ നടപടി ഉണ്ടാകും.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): പ്രസ്തുത കാര്യത്തിന് കഴിഞ്ഞ തവണ മറുപടി പറഞ്ഞതാണ്. റിപ്പോർട്ട് യഥാസമയം സഭയുടെ മുൻപിൽ സമർപ്പിക്കുന്നതാണ്.

മി. സ്പീക്കർ: അന്വേഷണ കമ്മീഷൻ റിപ്പോർട്ടുകൾ സഭയിൽ യഥാസമയത്ത് സമർപ്പിക്കാതിരിക്കുന്നത് ഒരു പുതിയ കാര്യമല്ല. പക്ഷെ റിപ്പോർട്ട് കൃത്യമായി സഭയിൽ വയ്ക്കണമെന്ന ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ ആവശ്യം അംഗീകരിച്ചുകൊണ്ട് അത് ഷെഡ്യൂൾ ചെയ്തിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അറിയിച്ചിരിക്കുകയാണ്. ഇക്കാര്യത്തെക്കുറിച്ച് ഇനി ചർച്ചയില്ല.